DWCD/5443/2022-E9

I/72523/2022

വനിത ശിശുവികസന ഡയറക്ടറേറ്റ്,
തിരുവനന്തപുരം
തീയതി :21-12-2022

**വിജ്ഞാപനം**

വിഷയം: വനിത ശിശുവികസന വകുപ്പ് – ഡയറക്ടറേറ്റ് - ജീവനക്കാര്യം - തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ നിയമനം - അപേക്ഷ ക്ഷണിക്കുന്നത്- - സംബന്ധിച്ച്.

സൂചന: സാമൂഹ്യനീതി സെക്രട്ടറിയുടെ 14/03/2019-ലെ – എ1/21/2019/സാ.നീ.വ നമ്പർ കത്ത്.

വനിത ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ ഒരു ഒഴിവ് ഉണ്ടാകുന്നതാണ്. ടി തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താൽപ്പര്യമുള്ള വനിതാ ശിശുവികസന വകുപ്പിലെ പ്രോഗ്രാം ഓഫീസർ/ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

ICPS-ലെ തൃശ്ശൂർ ജില്ലാ ശിശു സംരക്ഷണ ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ താത്പര്യമുള്ള മേൽ പറഞ്ഞ തസ്തികയിലുള്ള ജീവനക്കാർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ കൺട്രോളിംഗ് ഓഫീസർ മുഖാന്തിരം ഈ വിജ്ഞാപന തീയതി മുതൽ ഏഴ് പ്രവർത്തി ദിവസത്തിനകം വനിതാ ശിശുവികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. നിശ്ചിത മാതൃകയിൽ അല്ലാത്തതും സമയ പരിധി കഴിഞ്ഞ് ലഭിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

വനിത ശിശുവികസന ഡയറക്ടർ

Signed by Priyanka G
Date: 21-12-2022 08:48:44